പതിന്നാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3381 10/12/2018 ൽ മറുപടിക്ക്

# സർവ്വേ സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര സർവ്വേ സ്കൂളുകൾ നിലവിലുണ്ട് ; | (എ) സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 5 സർക്കാർ ചെയിൻ സർവ്വെ സ്കൂളുകളും, സർക്കാർ നിയന്ത്രണത്തിൽ 14 സ്വകാര്യ ചെയിൻ സർവ്വെ സ്കൂളുകളും നിലവിലുണ്ട്. |
| (ബി) ഈ സർക്കാർ നിലവിൽ വന്ന ശേഷം പുതുതായി സ്വകാര്യ മേഖലയിൽ സർവ്വേ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ; | (ബി) ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായി സ്വകാര്യ മേഖലയിൽ സർവ്വേ സ്കൂളുകൾ അനുവദിച്ചിട്ടില്ല. |
| (സി) ഡ്രാഫ്റ്റ്സ്മാൻ, സർവ്വേ എന്നീ വിഷയങ്ങളെ സംയോജിപ്പിക്കുന്ന നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ; | (സി) സർവ്വേ വകുപ്പിലെ സമാനതസ്തികകൾ സംയോജിപ്പിക്കുന്ന വിഷയം പരിശോധിക്കുന്നതിനായി സർവ്വേ വകുപ്പിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക്, പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) ഓരോ വില്ലേജിലും സർവ്വേയർ /ഡ്രാഫ്റ്റ്സ്മാൻ എന്നിവരെ നിയമിക്കുവാൻ ഇനി എത്ര പേരുടെ ആവശ്യം ഉണ്ട്? | (ഡി) റീസർവ്വെ ഓഫീസുകൾ കൂടാതെ എൽ.ആർ.എം., സ്പെഷ്യൽ എന്നീ സർവ്വെ പ്രവർത്തനങ്ങൾക്ക് വേണ്ടി ജില്ലാ എസ്റ്റാബ്ലിഷ്മെന്റിനു കീഴിൽ കളക്ടറേറ്റ്, താലൂക്ക് എന്നീ ഓഫീസുകളിലാണ് സർവേയർ/ഡ്രാഫ്റ്റ്സ്മാൻ എന്നിവരെ നിയമിച്ച് വരുന്നത്. |

എൽ.ആർ.എം., സ്പെഷ്യൽ സർവ്വെ എന്നിവയ്ക്ക് വേണ്ടി നിലവിലെ സ്ഥിരം തസ്തികകൾ കൂടാതെ, അപേക്ഷകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യപ്പെടുന്ന ജീവനക്കാരെ റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും നൽകി വരുന്നു. ഓരോ വില്ലേജിലും സർവ്വേയർ/ഡ്രാഫ്റ്റ്സ്മാൻ എന്നിവരെ നിയമിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ